ഉത്തരം

(എ) 17.1.99-ൽ അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ഇതുവരെയും ലഭിച്ചിട്ടില്ല.

(ബി) അന്വേഷണം അടിയന്തിരമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചു വരുന്നു.

130 (687) സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് എത്ര ഭവനങ്ങളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി പൂർത്തിയാകുന്നതോടെ കേരളത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുമെന്ന് കരുതുന്നുണ്ടോ;

(ഡി) ഇൻഡ്യയിൽ മറ്റേതെങ്കിലും സംസ്ഥാനത്ത് ഇതുപോലെ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതായി അറിയുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ പൂർണ്ണമായും മറ്റ് ചില ജില്ലകളിലെ ചില ഗ്രാമപഞ്ചായത്തുകളുമാണ് ഇപ്പോൾ ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് നിർമ്മിക്കുന്ന ഭവനങ്ങളുടെ എണ്ണം ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത ശേഷമേ നിശ്ചയിക്കുവാൻ കഴിയൂ.

(ബി) 9.7.99-ലെ ജി.ഒ.(പി)138/99 എൽ.എ.ഡി ഉത്തരവിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കു വിധേയമായി തദ്ദേശഭരണ സ്ഥാപനങ്ങൾ തന്നെയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നത്.

(സി) സമ്പൂർണ്ണ ഭവന പരിപാടി നടപ്പാക്കുന്ന ജില്ലകളിൽ കഴിയുമെന്ന് കരുതുന്നു.

(ഡി) അറിയില്ല.

131 (688) ജനകീയാസൂത്രണപരിപാടിയിലെ ക്രമക്കേടുകൾ

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പരിപാടിയിലെ ക്രമക്കേടുകളെ സംബന്ധിച്ച് സർക്കാരിന് ലഭിച്ചിട്ടുള്ള പരാതികളിന്മേൽ നടപടി സ്വീകരിക്കുവാൻ സർക്കാരിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly